ശ്രീ. കെ. കരുണാകരൻ: ബഹു. മന്ത്രി പറഞ്ഞ മറുപടി ശരിയല്ല, സത്യത്തിനുവിരുദ്ധമാണു്. ഡിപ്പാർട്ടുമെൻറിൽ നിന്നു കിട്ടിയ അറിവു ശരിയല്ല, പരിശോധിക്കണം. ഞാൻ അവിടെപോയി അന്വേഷിച്ച കാര്യമാണു്. പുറമേ നിന്നു് ആരെയും അവിടെ കടത്തിവിട്ടന്നില്ല. മുനിസിപ്പൽ ചെയർമാൻ ശ്രീ. വിശ്വനാഥനെപ്പോലും കടത്തിവിട്ടിട്ടില്ല. ശ്രീ. ബാലകൃഷ്ണൻറെ വീടിൻറെ മുൻഭാഗം പൊളിഞ്ഞുകിടക്കുകയാണു്. കുട്ടികളും സ്ത്രീകളും നിലവിളിക്കുകയായിരുന്നു. വീടു് ആക്രമിച്ച ആളുകളെ അറസ്റ്റു ചെയ്തിട്ടില്ല. വീടു് ആക്രമിക്കപ്പെട്ടവരെ രക്ഷിക്കാൻ ചെന്നവരെ അറസ്റ്റുചെയ്തു കസ്റ്റഡിയിൽ വച്ചിരിക്കുകയാണു്. വീടാക്രമിച്ചവരെ പിടിക്കാതിരിക്കുക, രക്ഷിക്കാൻ ചെന്നവരെ അറസ്റ്റു ചെയ്യുക, ആരെയും അവിടെ പ്രവേശിക്കാൻ അനുവദിക്കാതിരിക്കുക ഇതാണു് ചെയ്തിരിക്കുന്നതു്. സർ, ജീവൻ പണയം വച്ചാണു് ഞാൻതന്നെ അവിടെ ചെന്നതു്. അതുകൊണ്ടു മിനിസ്റ്റർ പറഞ്ഞ കാര്യങ്ങൾ ശരിയല്ല. ഗൗരവതരമായ സ്ഥിതിവിശേഷം അവിടെയുണ്ടു്. ആക്രമിക്കപ്പെട്ട ആളുകളെ അറസ്റ്റു ചെയ്യുകയും ആക്രമികളെ അറസ്റ്റു ചെയ്യാതിരിക്കുകയും ചെയ്ത സ്ഥിതിവിശേഷമാണു്.

ശ്രീ. എം. കെ. കൃഷ്ണൻ: സർ, ഇതു് ശ്രീ. കരുണാകരൻറെ വെർഷൻ ആണു്. എനിക്കു കിട്ടിയിട്ടുള്ള റിപ്പോർട്ടുകളനുസരിച്ചു് ശ്രീ. കരുണാകരൻ പറഞ്ഞ കാര്യങ്ങൾ ശരിയല്ല.

ഡെപ്യൂട്ടി സ്പീക്കർ: ആഭ്യന്തരമന്ത്രിയുടെ പ്രസ്താവനയുടെ വെളിച്ചത്തിൽ ഞാൻ അടിയന്തിര പ്രമേയത്തിനു് അനുമതി നിഷേധിക്കുകയാണു്.

4. CALLING ATTENTION UNDER RULE 61

LOCK-OUT IN THE TRANSFORMERS AND CHEMICALS, KERALA LTD. ANKAMALY

ഡെപ്യൂട്ടി സ്പീക്കർ: റൂൾ 61 അനുസരിച്ചു്, അങ്കമാലിയിലുള്ള ട്രാൻസ്ഫോമേഴ്സ് ആൻഡ് എലക്ട്രിക്കൽസ് കേരള ലിമിറ്റഡിൻറെ മാനേജ്മെൻറു് ലോക്കൗട്ടു് പ്രഖ്യാപിച്ചിട്ടുള്ള സ്ഥിതിവിശേഷത്തെപ്പറ്റി ഗവണ്മെൻറിൻറെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടു് ശ്രീ. എ. പി. കുര്യൻ നോട്ടീസ് നൽകിയിട്ടുണ്ടു്.

ശ്രീ. എ. പി. കുര്യൻ: സർ, അങ്കമാലിയിലുള്ള ട്രാൻസ്ഫോമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് ഫാക്ടറിയിൽ കഴിഞ്ഞമാസം 1-ാം തീയതി മുതൽ പണിമുടക്കു സമരം നടന്നുകൊണ്ടിരിക്കുകയായിരുന്നു. 36 ദിവസം ഇതിനകം നീണ്ടുപോയിട്ടുള്ള പണിമുടക്കിനാധാരമായ പ്രധാനപ്പെട്ട വസ്തുതകളും അവിടെയുള്ള മുഴുവൻ തൊഴിലാളികളെയും പ്രതിനിധീകരിക്കുന്ന 'ടെൽക്ക്' എംപ്ലോയീസ് യൂണിയൻ ഏതാനുംമാസം മുൻപു് മാനേജ്മെൻറിനെ അറിയിച്ചിട്ടുണ്ടു് ; അടിസ്ഥാന ശമ്പളത്തിൽ വർദ്ധനവു വരുത്തുന്നതടക്കമുള്ള കുറെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടു അവർ മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ഇതു സംബന്ധിച്ചു് വളരെ നീണ്ട കൂടിയാലോചനകൾക്കുശേഷം, ആ കൂടിയാലോചനകൾ എല്ലാം പരാജയപ്പെട്ടു് ഒരു ഗത്യന്തരവും ഇല്ലാത്ത ഘട്ടത്തിലാണു് തൊഴിലാളികൾ പണിമുടക്കിനു് തയ്യാറായതു്. സമാധാനപരമായി പണിമുടക്കു നടന്നുകൊണ്ടിരിക്കുമ്പോൾ 3-ാം തീയതി ടെൽക്കു് കമ്പനി ലോക്കൗട്ടു് പ്രഖ്യാപിച്ചിരിക്കുകയാണു്. ലോക്കൗട്ടു് പ്രഖ്യാപിച്ച

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. പി. കുര്യൻ]

കൊണ്ടു പത്രങ്ങൾക്കു നൽകിയ കുറിപ്പിൽ, ലോക്കൗട്ടിനിടയാക്കിയതു് തൊഴിലാളികളുടെ നീതിപൂർവ്വകമല്ലാത്ത സമരമാണെന്നും അന്യായമായി തടഞ്ഞുവയ്ക്കുക മുതലായ അക്രമപ്രവർത്തനങ്ങൾക്കു് തൊഴിലാളികൾ നേതൃത്വം കൊടുക്കുന്നുവെന്നും അനാവശ്യമായി ആരോപണം ഉന്നയിച്ചിരിക്കുകയാണു്. ജപ്പാനിലെ ഹിറാച്ചി കമ്പനിയുമായി സഹകരിച്ചുകൊണ്ടുള്ളതും കേരള ഗവണ്മെൻറിനു് 74% പങ്കുള്ളതുമായ ഈ ഫാക്ടറിയിൻ 400 ഓളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ടു്. ഹെവി ട്രാൻസ്ഫോർമറുകൾ ഉൽപാദിപ്പിക്കുന്ന ഈ ഫാക്ടറിയിൽ പണിമുടക്കു് ക്ഷണിച്ചുവരുത്തിയിരിക്കുന്നതു് മാനേജ്മെൻറിൻെറ കുരുട്ടുബുദ്ധിയുള്ള പ്രവർത്തനത്തിൻെറ ഫലമായിട്ടാണു്. പണിമുടക്കു് നടക്കാൻപോകുന്നെന്നറിഞ്ഞുകൊണ്ടു് ജൂലൈ 23-ാം തീയതി വ്യവസായമന്ത്രി ഒരു കോൺഫറൻസ് വിളിച്ചു കൂട്ടുകയും ഒരു താൽക്കാലിക കരാറുണ്ടാക്കുകയും ചെയ്തു. കരാറിൽ പറയുന്നതു് യൂണിയൻ സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടത്തിലെ ആവശ്യങ്ങൾ പരിശോധിച്ചു് നിലവിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനു് ശ്രീ. പി. എൻ. കൃഷ്ണപിള്ളയുടെ സാന്നിദ്ധ്യത്തിൽ ആഗസ്റ്റു് അവസാനം തീരുമാനം കണ്ടെത്തണമെന്നാണു്. ഇൻഡസ്ട്രീസ് മിനിസ്റ്ററുടെ സാന്നിദ്ധ്യത്തിൽ മാനേജ്മെൻറിൻെറയും യൂണിയൻെറയും പ്രതിനിധികൾ ഒപ്പുവച്ചതാണു്. പണിമുടക്കാരംഭിച്ചശേഷം മാനേജ്മെൻറു് എടുത്തിരിക്കുന്ന നിലപാടു് നിലവിലുള്ള ദീർഘകാല കരാറുകൾ ലംഘിച്ചുകൊണ്ടുള്ളതും തൊഴിൽച്ചട്ടങ്ങൾക്കു് വിരുദ്ധമായിട്ടുള്ളതുമാണു് ഈ പണിമുടക്കെന്നാണു്. ജൂലൈ 23-ാം തീയതി വ്യവസായമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒപ്പുവച്ച കരാറിൽ പറയുന്നതു് ആവശ്യങ്ങൾക്കു് പരിഹാരമുണ്ടാക്കാമെന്നും ഇക്കാര്യത്തിൻെറ നാനാവശങ്ങളെക്കുറിച്ചു് പരിശോധിച്ചു് ഉടനടി തീരുമാനം നടപ്പാക്കാമെന്നുമാണു്. ഇന്നു് അതിനു വിരുദ്ധമായി ദീർഘകാല കരാറിൻെറ സാങ്കേതികത്വം പൊക്കിപ്പിടിച്ചുകൊണ്ടു് പണിമുടക്കിനെ നേരിടാനാണു് മാനേജ്മെൻറു് തയ്യാറായിരിക്കുന്നതു്. ദീർഘകാല കരാറിൻെറ സാങ്കേതികത്വം പൊക്കിപ്പിടിച്ചുകൊണ്ടു് ഒത്തുതീർപ്പിലെത്തിക്കുന്നതിനു സഹായകമല്ലാത്ത നടപടിയാണെടുത്തിരിക്കുന്നതു്. രണ്ടരവർഷം മുൻപു് 1967-ൽ 100-ൽ താഴെ മാത്രം തൊഴിലാളികൾ അംഗങ്ങളായുള്ള യൂണിയൻ ഒരു കരാറിൽ ഒപ്പിട്ടിട്ടുണ്ടെന്നുള്ളതു വാസ്തവമാണു്. എന്നാൽ 35 കു. യും 45 കു. യും 60 കു. യും ഒക്കെയാണു് അഭ്യസ്തവിദ്യരായ തൊഴിലാളികൾ ശമ്പളം വാങ്ങുന്നതെന്നു മനസ്സിലാക്കുമ്പോൾ ജൂലൈ 23-ാം തീയതി, ടെൽക്കു് തൊഴിലാളികളുടെ പ്രശ്നം ആഗസ്റ്റു് 15-ാം തീയതിക്കകം മാന്യമായി പരിഹരിക്കുന്നതിനുവേണ്ടിയുള്ള കരാറിൽ ഒപ്പു വയ്ക്കുന്നതിനു വ്യവസായമന്ത്രി തയ്യാറാകാൻ കാരണം മനസ്സിലാകും. ഈ നിലപാടെല്ലാം പെട്ടെന്നു മാറി പണിമുടക്കു തെറ്റാണെന്നും ദുരുപദിഷ്ടമാണെന്നും മറ്റും പറഞ്ഞുകൊണ്ടിരുന്നാൽ കൂടുതൽ ഗുരുതരമായ കാര്യങ്ങൾ ഉണ്ടാകാൻ ഇടയുണ്ടെന്നു ഞാൻ ഗവണ്മെൻറിനു മുൻ അറിയിപ്പു നൽകുകയാണു്. കഴിഞ്ഞ 36 ദിവസമായി പണിമുടക്കിയവർ പട്ടിണി സഹിച്ചുകൊണ്ടു സമാധാനപരമായി മുൻപോട്ടുപോയി എന്ന വസ്തുത അഭിമാനപൂർവ്വം സ്മരിക്കുകയാണു്. പക്ഷേ ഈ നിലപാടിൽ ഇനിയും മുൻപോട്ടുപോയാൽ നിൽക്കക്കള്ളിയില്ലാതാകുമ്പോൾ കൂടുതൽ ഗുരുതരമായ കാര്യങ്ങളിലേക്കു നീങ്ങും. അതുകൊണ്ടു് ഗവണ്മെൻറിനു മുഖ്യ പങ്കാളിത്തമുള്ള ഈ സ്ഥാപനത്തിലെ പണിമുടക്കു് ന്യായമായി അവസാനിപ്പിക്കുന്നതിനു് അടിയന്തിരമായ നടപടികൾ എടുക്കണമെന്നു് അപേക്ഷിക്കുകയാണു്.

തൊഴിൽ മന്ത്രി (ശ്രീ. മത്തായിമാഞ്ഞൂരാൻ): സർ, ട്രാൻസ്ഫോർമേഴ്സ് ആൻഡു് ഇലക്ട്രിക്കൽസ് ലിമിറ്റഡിൽ പണിമുടക്കു് ഉണ്ടാകുകയും തുടർന്നു് മൂന്നാം തീയതി മുതൽ അവിടെ ലാക്കൗട്ടും ഉണ്ടാകുകയുചെയ്തുവെന്നുള്ളതു്

LIBRARY ARCHIVES Kerala Legislative Assembly

ശരിയാണു്. പക്ഷെ ഇക്കാര്യത്തിൽ തൊഴിൽ വകുപ്പു് ഇടപെട്ടു് ഒരു അനുരഞ്ജന സമ്മേളനം നടത്തുകയുണ്ടായി. നിർഭാഗ്യവശാൽ ആ മാനേജ്മെൻറിന്റെ അത്ഥശ്രുന്യവും നിയമവിരുദ്ധവുമായ നിലപാടുകൊണ്ടു് ഒത്തുതീർപ്പിനു സാധിച്ചില്ല. ഈ തക്കം മുതലാക്കുന്ന കാലത്തു് യൂണിയൻ, മാനേജ്മെൻറു മുൻപാകെ ചില ഡിമാൻഡുകളും കൊടുത്തതിനുശേഷം മാനേജ്മെൻറും യൂണിയനുമായി ഒരു കരാർ ഉണ്ടാക്കി. ആ കരാർ അങ്ങയുടെ അനുവാദത്തോടെ ഞാൻ വായിക്കാം.

'AND WHEREAS the management in its letter dated 16th July, 1969 expressed its inability to consider the demand for the reasons stated therein, and consequently a controversy has arisen between the Union and the Management and whereas the management and the Union have agreed that the controversy be left to the mediation of Shri P. N. Krishna Pillai, Industrial Relations Adviser, Kerala State Electricity Board, Trivandrum, in order to preserve the good relations between the management and the Unions, now it is hereby agreed.... ....."

സർ, ഈ രാജ്യത്തെ തൊഴിൽ നിയമങ്ങൾക്കു് കടകവിരുദ്ധമായുള്ള മാനേജ്മെൻറിന്റെ ഉദ്ധികാരമുപയോഗിക്കുന്ന തരത്തിൽപ്രശ്നം തൊഴിൽ വകുപ്പിനു് സമർപ്പിക്കാതെ മറെറാരു മീഡിയേററിൽ സമർപ്പിച്ചു. തൊഴിൽ വകുപ്പിനെ അവഗണിച്ചതുകൊണ്ടു് സംഭവിച്ചതാണു് ഈ തക്കുങ്ങളെല്ലാം. എഗ്രിമെൻറിൽ പറയുന്നതു് യൂണിയനും മാനേജ്മെൻറും തമ്മിൽ ഉണ്ടായിരുന്ന തക്കുങ്ങൾ പരിഹരിക്കാമെന്നാണു്. അതു പരിഹരിക്കാൻ സാധിച്ചിട്ടില്ല, പരിഹരിക്കുവാൻ എർപ്പെടുത്തിയ ആളിനു് ഈ സംസ്ഥാനത്തിലെ നിയമമനുസരിച്ചു്—ഇന്നു നിലവിലുള്ള ഏതു നിയമമനുസരിച്ചും—ഇതിൽ ഇടപെടാൻ യാതൊരു അധികാരവുമില്ലാത്തതാണു്. ഈ പ്രശ്നം തൊഴിൽ വകുപ്പിന്റെ മുമ്പിൽ സമർപ്പിക്കേണ്ടതായിരുന്നു. അദ്ദേഹം ചർച്ചകൾ നടത്തി, അദ്ദേഹത്തിനു് കിട്ടുന്ന അലവൻസു് കൂടുതൽ കൂടുതൽ കിട്ടുന്നതിനുവേണ്ടി, ഇതു് നീണ്ടു പോകുന്നതിനു് ആണു് ഇടയാക്കിയതു്. ഇതിനുമുമ്പു് അലിൻഡിൽ ഇടപെട്ടു. ഗ്വാളിയറിൽ ഇടപെട്ടു. ശ്രീ. പി. എൻ. കൃഷ്ണപിള്ള ഇടപെട്ടു തക്കുങ്ങൾ വഷ്ടിപ്പിച്ചുവെന്നതു് തൊഴിൽ വകുപ്പിന്റെ പ്രവർത്തനം തെററിദ്ധരിപ്പിക്കുന്നതിനും പരാജയപ്പെടുന്നതിനും നടത്തുന്ന പദ്ധതികളുടെ ഭാഗമാണു് സർ. ടെൽക്കിൽ ഇന്നു് നടക്കുന്ന ലാക്കൗട്ടു്. വ്യവസായ വകുപ്പിന്റെ അനാസ്ഥ, ഇതിലെ ഉദ്യോഗസ്ഥ വൃന്ദത്തെ ശരിക്കു നിയന്ത്രിക്കുവാൻ സാധിക്കാത്തതുകൊണ്ടു് ആണു് ഈ കുഴപ്പങ്ങൾ ഉണ്ടായിട്ടുള്ളതു്. അതു് പ്രസക്തമല്ലാത്തതുകൊണ്ടു് ഞാൻ പറയുന്നില്ല. ടെൽക്കിൽ ഇന്നു നടക്കുന്ന പണിമുടക്കു് വ്യവസായ വകുപ്പിന്റെയും കൂട്ടാളികളുടെയും കുഴപ്പംകൊണ്ടാണു്. വ്യവസായ വകുപ്പു് കഴിഞ്ഞകൊല്ലം രണ്ടുപൈസ വീതം ഡിയർനസു് അലവൻസു് കൂടുതൽ കൊടുത്തതായി പ്രഖ്യാപനം നടത്തിയതാണു്; അവിടെ ഉണ്ടായിരുന്ന വലതു കമ്മ്യൂണിസ്റു പാർട്ടിയുടെ യൂണിയൻ, ടി. സി. എൻ. മേനോനു് എതിരായി നൂറുശതമാനം തൊഴിലാളികളും അവിശ്വാസപ്രമേയം പാസ്സാക്കിയതിന്റെ ഫലമായിട്ടു് ആ തൊഴിലാളികൾക്കെതിരായി ക്രമവിരുദ്ധവും അനീതിപരവുമായ പ്രതികാര നടപടിയായിട്ടാണു് ഞാൻ ഇതു് കാണുന്നതു്. വ്യവസായ വകുപ്പു് ചെയ്തിട്ടുള്ള അബദ്ധത്തിൽ നിന്നു് ഉൽബുദ്ധമായ ഈ പ്രശ്നം മറെറല്ലാ വകുപ്പുകളുംകൂടി പ്രവർത്തിച്ചു് പരിഹരിക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly